പൈപ്പ് ലൈൻ പദ്ധതികൊണ്ട് ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനും പദ്ധതിയെ കുറിച്ച് ജനങ്ങളുടെയിടയിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും വേണ്ടി ഗെയിൽ, പെട്രോനെറ്റ് അധികൃതരുടെ സാന്നിദ്ധ്യത്തിൽ, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം 28-10-2014-ൽ ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധി വരെ ദൂരീകരിക്കുവാൻ ഉപകരിച്ചിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. എൽ.എൻ.ജി പൈപ്പ് ലൈൻ പദ്ധതി കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനും, പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കുവാനും Petronet LNG-യുടെ മാനേജിംഗ് ഡയറക്ടറും ചെയർമാനും അതോടൊപ്പം കെ.എസ്.ഐ.ഡി.സി. ചെയർമാനും ചേർന്ന് ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. അവ സർക്കാരിന്റെ പരിഗണനയിലാണ്.

കൂടാതെ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി 2014 ഡിസംബർ 3-ാം തീയതി ഡെൽഹിയിൽ, ഗെയിൽ ഇന്ത്യാ C.M.D.-യെ കണ്ട് ചർച്ച നടത്തുകയുണ്ടായി. ഭൂമി ഏറ്റെടുക്കലിന്റെ പ്രശ്നങ്ങൾ കേരള സർക്കാർ പരിഹരിച്ചാൽ, എത്രയും വേഗം പദ്ധതിയുമായി മുന്നോട്ട് പോകാൻ തയ്യാറാണെന്ന് ചെയർമാൻ, പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിക്കുകയുണ്ടായി.

വൈദ്യുതി പ്രസരണ നഷ്ടം

19 (*349) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിൽ ശരാശരി എത്ര യൂണിറ്റ് പ്രസരണ നഷ്ടം ഉണ്ടാകുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) 2013-14 വർഷത്തിലേക്ക് 3071.20 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ നഷ്ടമാണ് പ്രസരണ വിതരണം വഴി ഉണ്ടായിട്ടുള്ളത്. ഇത് മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ 14.96 ശതമാനമാണ്.

(ബി) വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെ പറയുന്ന സത്വര നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. എച്ച്.ടി. ലൈനുകളും എൽ.ടി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുക.
2. 11 കെ.വി. 33 കെ.വി. ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.
3. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
4. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.
5. എൽ.ടി. ലൈനിലും, എച്ച്.ടി ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുക.
6. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. കേടായ എനർജി മീറ്ററുകളും, ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
8. ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
9. ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതും റവന്യൂ കളക്ഷനും പൂർണ്ണമായും കംപ്യൂട്ടർ വൽക്കരിക്കുക.
10. എനർജി ആഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

കൂടാതെ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ വോൾട്ടേജ് നിലവാരം കുറവുള്ളതായി കാണപ്പെടുന്ന സബ്സ്റ്റേഷനുകളിൽ കപ്പാസിറ്റർ ബാങ്ക് സ്ഥാപിക്കുന്ന ജോലികളും നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി 2011 മേയ് മാസം മുതൽ 2014 നവംബർ വരെയുള്ള കണക്കനുസരിച്ച് വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 33 പുതിയ അപ്ഗ്രേഡഡ് സബ്സ്റ്റേഷനുകളും 482.91 കിലോമീറ്റർ ലൈനും പൂർത്തിയാക്കിയിട്ടുണ്ട്. പ്രസരണ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് സംസ്ഥാന ഗവൺമെന്റിന്റെ "മിഷൻ 676 " പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ മുൻഗണനാ ക്രമത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 16 പുതിയ അപ്ഗ്രേഡഡ് സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും, 39 പുതിയ അപ്ഗ്രേഡഡ് സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ രണ്ട് സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി വിതരണം പൂർണ്ണമായും ആധുനീകരിച്ച് പ്രസരണ വിതരണ വാണിജ്യ നഷ്ടം 15%-ത്തിൽ താഴെയാക്കി ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കാനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP). ഈ പദ്ധതി കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കി വരുന്നു.

കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി-വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം

20 (*350) ശ്രീ. എ. കെ. ബാലൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രവൈദ്യുതി നിയമ ഭേദഗതി സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വൈദ്യുതി മേഖലയെ ശിഥിലമാക്കി സ്വകാര്യവൽക്കരിക്കുന്നതിന് സാഹചര്യമൊരുക്കലും വൈദ്യുതി നിയമഭേദഗതിയുടെ ഉദ്ദേശമായിരുന്നുവെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ഉൽപാദന-പ്രസരണ-വിതരണ രംഗത്തെ കേന്ദ്രസർക്കാരിന്റെ എന്തെല്ലാം നിലപാടുകളോടാണ് വിയോജിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ നിയമഭേദഗതി നിർദ്ദേശം സംബന്ധിച്ച് കേന്ദ്രം സംസ്ഥാനത്തോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; സംസ്ഥാന സർക്കാർ നൽകിയ മറുപടി വെളിപ്പെടുത്താമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ-ഡി) 2003-ൽ പുറപ്പെടുവിച്ച കേന്ദ്ര വൈദ്യുതി നിയമം, 2007-ന് ശേഷം നാളിതുവരെ ഭേദഗതി ചെയ്തിട്ടില്ല. എന്നാൽ 2013 ഒക്ടോബർ 17-ന് വൈദ്യുതിനിയമം ഭേദഗതി ചെയ്യുന്നതിനുള്ള കരട് നിർദേശം കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദേശങ്ങളിന്മേലുള്ള അഭിപ്രായം സംസ്ഥാന ഗവൺമെന്റുകളോടും വൈദ്യുതി ഉത്പാദകരോടും പ്രസരണ യൂട്ടിലിറ്റികളോടും വിതരണ കമ്പനിക്കാരോടും ആരാഞ്ഞിട്ടുണ്ട്. കരട് വിജ്ഞാപനത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly